ജയിൽ ശിക്ഷ

13 (*313) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

,, പി. ഉബൈദുള്ള :

,, സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരപരാധികളായ കുട്ടികൾ ജയിൽ ശിക്ഷ അനുഭവിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ബി) നിരപരാധികളും, സാഹചര്യംമൂലം കുറ്റവാളികളായി തടവുശിക്ഷ അനുഭവിക്കേണ്ടിവരുന്നവരും ജയിലുകളിൽ തടവിലുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെയൊക്കെ അടിസ്ഥാനത്തിൽ നടപടി ചട്ടങ്ങളിലും, ശിക്ഷാ നിയമങ്ങളിലും കാലോചിതമായ പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) കുട്ടികൾ ജയിലുകളിൽ ശിക്ഷയനുഭവിക്കുന്നില്ല. എന്നാൽ ശിക്ഷിക്കപ്പെട്ടോ, റിമാന്റ് ചെയ്യപ്പെട്ടോ ജയിലുകളിലെത്തുന്ന സ്ത്രീ തടവുകാരോടൊപ്പം അവരുടെ കുട്ടികളെ 6 വയസ്സുവരെ ജയിലുകളിൽ പാർപ്പിക്കാൻ ജയിൽ ചട്ടങ്ങൾ അനുവദിക്കുന്നുണ്ട്.

(ബി) സംശയാസ്പദമായ സാഹചര്യങ്ങളിൽ പിടിക്കപ്പെട്ട് കോടതി റിമാന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലും കുറ്റം ചെയ്തെന്ന് കോടതികൾ കണ്ടെത്തിയവരേയുമാണ് ജയിലുകളിൽ പാർപ്പിച്ചിട്ടുള്ളത്. ടി തടവുകാരുടെ നിരപരാധിത്വത്തെ സംബന്ധിച്ച് തീരുമാനിക്കേണ്ടത് കോടതികളാണ്.

(സി) തടവുകാർക്ക് സൗജന്യ നിയമസഹായം നൽകുന്നതിനായി ജയിലുകളിൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ കീഴിൽ നിയമസഹായ ക്ലിനിക്കുകൾ നടത്തിവരുന്നു. നിയമസഹായ ക്ലിനിക്കുകൾ മുഖേന തടവുകാർക്ക് നിയമസഹായവും നിയമോപദേശവും നൽകുന്നതിനും വിചാരണ വേഗത്തിലാക്കി നിരപരാധിത്വം തെളിയിക്കുന്നതിനും കഴിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly